Catholic Focus

# Bible Quiz
## Gospel of St. John
### Chapter 01

1. യോഹന്നാന് സുവിശേഷം 1: 1 വാക്യം?
2. അവനിൽ ജീവനുണ്ടായിരുന്നു ആ ജീവൻ------ ആയിരുന്നു.
3. ദൈവം അയച്ച മനുഷ്യൻ ആര്?
4. യോഹന്നാൻ എന്തിനു സാക്ഷ്യം നൽകാൻ ആണ് വന്നത്?
5. ദൈവത്തെ സ്വീകരിച്ചവർക്ക് എല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്ന വർക്കെല്ലാം എന്താകാനുള്ള കഴിവാണ് ദൈവം നൽകിയത്?
6. ദൈവപുത്രൻ ജനിച്ചത് എവിടെ നിന്നൊക്കെ അല്ല എന്നാണ് പറയുന്നത്?
7. യേശുവിന്റെ മഹത്വം എങ്ങനെയുള്ളതാണ്?
8. യേശുവിനു സാക്ഷ്യം നൽകിക്കൊണ്ട് യോഹന്നാൻ പറഞ്ഞ വാക്കുകൾ എന്ത്?
9. നിയമം ആരു വഴി നൽകപ്പെട്ടു?
10. കൃപയും സത്യവും ആരു വഴി ഉണ്ടായി എന്നാണ്1:17ൽ പറയുന്നത്?
11. യോഹന്നാൻ ആരാണെന്ന് ചോദിച്ചറിയാൻ യഹൂദർ ജറുസലേമിൽ നിന്ന് ആരെയാണ് അയച്ചത്?
12. ഞാൻ ആരെല്ല എന്നാണ് യോഹന്നാന് അസന്ദഗ്ധമായി പ്രഖ്യാപിച്ചത്?
13. സ്നാപകയോഹന്നാൻ ആര്ണെന്നാണ് അവൻ തന്നെ പറയുന്നത്? ആരുടെ പ്രവചനമാണ് അതിനുവേണ്ടി ഉദ്ധരിച്ചത്?
14. യോഹന്നാൻ സ്നാനം നൽകിക്കൊണ്ടിരുന്നത് എവിടെയാണ്?
15. യേശു യോഹന്നാന്റെ അടുത്തേക്ക് വരുന്നത് കണ്ടപ്പോൾ അവൻ എന്താണ് പറഞ്ഞത്?
16. യോഹന്നാൻ വന്ന് ജലത്താൽ സ്നാനം നൽകുന്നത് എന്തിനുവേണ്ടിയാണ് എന്നാണ് പറഞ്ഞത്?
17. ആത്മാവ് ഏതു രൂപത്തിൽ യേശുവിന്റെ മേൽ ആവസിക്കുന്നത് കണ്ടുവെന്നാണ് യോഹന്നാൻ സാക്ഷ്യപ്പെടുത്തിയത്?
18. യേശു എന്തുകൊണ്ട് സ്നാനം നൽകുമെന്നാണ് യോഹന്നാൻ പറഞ്ഞത്?
19. യോഹന്നാന്റെ എത്ര ശിഷ്യന്മാരാണ് യേശുവിനെ അനുഗമിച്ചത്? എത്ര മണിക്കൂറിലാണ് അനുഗമിച്ചത്? അനുഗമിച്ച ഒരാളുടെ പേര് എന്ത്?
20. റബ്ബി എന്ന വാക്കിന്റെ അർത്ഥം എന്ത്?
21. ശിമയോനെ എന്ത് വിളിക്കപ്പെടും എന്നാണ് യേശു പറഞ്ഞത്?
22. എന്നെ അനുഗമിക്കുക എന്ന് യേശു പറഞ്ഞത് ആരോട്?
23. ബേത് സയ്ദായിൽ നിന്നുള്ള യേശുവിന്റെ ശിഷ്യന്മാർ ആരൊക്കെ?
24. മോശയുടെ നിയമത്തിലും പ്രവാചക ഗ്രന്ഥത്തിലും എഴുതപ്പെട്ടിരിക്കുന്ന നസറായനായ യേശുവിനെ കണ്ടു എന്ന് പീലിപ്പോസ് പറഞ്ഞത് ആരോട്?
25. നഥാനയേലിനെ പറ്റി യേശു പറഞ്ഞത് എന്താ?
26. എന്തൊക്കെ കാര്യങ്ങൾ കാണുമെന്നാണ് നാഥനയിലിനോട് യേശു പറഞ്ഞത്?

@KMC2020

# Answers

For Catholic News : www.catholicfocus.in

1. ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമാ യിരുന്നു.
2. മനുഷ്യരുടെ വെളിച്ചം.
3. യോഹന്നാൻ.
4. വെളിച്ചത്തിന്.
5. ദൈവമക്കൾ ആകാനുള്ള കഴിവ്.
6. രക്തത്തിൽനിന്നോ, ശാരീരികാഭിലാഷത്തിൽനിന്നോ, പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല.
7. കൃപയും സത്യവും നിറഞ്ഞതും, പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം.
8. എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവൻ ആണ്, കാരണം എനിക്കു മുമ്പ് തന്നെ അവനുണ്ടായിരുന്നു.
9. മോശവഴി.
10. യേശുക്രിസ്തു വഴി.
11. പുരോഹിതന്മാരെയും, ലേവ്യരെയും.
12. ക്രിസ്തു അല്ല.
13. കർത്താവിന്റെ വഴികൾ നേരെയാക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദമാണ് ഞാൻ.
    ഏശയ്യാ പ്രവാചകൻ.
14. ജോർദാന്റെ അക്കരെ ബഥാനിയായിൽ.
15. ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.
16. യേശുവിനെ ഇസ്രായേലിനു വെളിപ്പെടുത്തുന്നതിനു വേണ്ടി.
17. പ്രാവിനെപ്പോലെ.
18. പരിശുദ്ധാത്മാവ്.
19. 2 ശിഷ്യന്മാർ, പത്താം മണിക്കൂറിൽ, ശിമയോന്റെ സഹോദരൻ അന്ത്രയോസ്.
20. ഗുരു.
21. കേപ്പാ - പാറ
22. പീലിപ്പോസ്.
23. പീലിപ്പോസ്, പത്രോസ്, അന്ത്രയോസ്.
24. നഥാനയേൽ.
25. ഇതാ നിഷ്കപടനായ ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ.
26. സ്വർഗ്ഗം തുറക്കപ്പെടുന്നതും, ദൈവദൂതന്മാർകയറി പോകുന്നതും, മനുഷ്യപുത്രന്റെമേൽ ഇറങ്ങി വരുന്നതും കാണും.

@KMC2020